**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** | **11-10-2021 - ൽ മറുപടിയ്ക്ക്**

**വ്യാജ ഓൺലൈൻ റിക്രൂട്ട്മെന്റ് ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത്, വ്യാജ ഓൺലൈൻ ഏജൻസികൾ പണം തട്ടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇത്തരത്തിലുള്ള വ്യാജ ഓൺലൈൻ റിക്രൂട്ടമെന്റ് ഏജൻസികൾക്കെതിരെ സംസ്ഥാനത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും അന്വേഷണ പുരോഗതിയും വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സമൂഹമാധ്യമങ്ങൾ വഴി വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കുന്ന ഏജൻസികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് സാമൂഹ മാധ്യമങ്ങൾ വഴി വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടായാൽ കുറ്റക്കാരെ കണ്ടെത്തി നിലവിലെ നിയമ പ്രകാരം കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് സൈബർ പോലീസ് സ്റ്റേഷന്റെയും, സൈബർ ഡോം പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗം എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നുണ്ട്. വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കൽ തടയുന്നതിന് നിരന്തരമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ